# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### ദനഹാക്കാലം : അഞ്ചാം ഞായർ
### യോഹ 3,1-21

"എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ
നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി,
തൻെറ ഏകജാതനെ നൽകാൻ തക്കവിധം
ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.
അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല!"

ജലത്താലും
ആത്മാവിനാലും
ജനിക്കുന്നില്ലെങ്കിൽ
ഒരുവനും
ദൈവരാജ്യത്തിൽ
പ്രവേശിക്കുക
സാധ്യമല്ല...
ജലം
ഭൗതീകവിശുദ്ധി
സമ്മാനിക്കുമ്പോൾ
ആത്മാവ്
ആത്മീയ വിശുദ്ധി
സമ്മാനിക്കുന്നു!

ക്രിസ്തു സമ്മാനിക്കുന്ന രക്ഷയിൽ പങ്കുച്ചേരുമ്പോൾ, ക്രിസ്തുവിനെ ഞാൻ സ്നേഹിച്ചു എന്നതിലല്ല. മറിച്ച്, ക്രിസ്തു എന്നെ സ്നേഹിച്ചു... ആ സ്നേഹം പ്രകടമാക്കാൻ തന്റെ ജീവൻപ്പോലും പങ്കുവയ്ക്കാൻ അവൻ തയ്യാറായി എന്നത് എന്റെ കണ്ണുകളെ ഈറനണിയിപ്പിക്കുന്നുണ്ടെങ്കിൽ ക്രിസ്തുവിന്റെ രക്ഷണീയ കർമ്മത്തിൽ ഞാനും പങ്കാളിയാകുന്നുണ്ട്.... അവൻ പങ്കുവയ്ക്കുന്ന രക്ഷയിൽ എനിക്കും ഇടമുണ്ട്... ഈ തിരിച്ചറിവ് ബോദ്ധ്യമായി മാറ്റപ്പെട്ടിട്ടില്ലെങ്കിൽ ക്രിസ്തുവിലേയ്ക്ക് ഇനിയും ഞാൻ വളരേണ്ടിയിരിക്കുന്നു.

ദൈവത്തിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടിയാണ് ദൈവം തൻെറ ഏകജാതനെ ഈ ഭൂമിയിലേയ്ക്ക് അയച്ചത്. ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചിരുന്നു പിതാവായ ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിൻെറ ഏകജാതൻെറ നാമത്തിൽ വിശ്വസിക്കായ്കമൂലം, അതിനാൽതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു. എങ്കിൽ, അടിസ്ഥാനപരമായി സ്വർഗ്ഗം സ്വന്തമാക്കാൻ ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടോ? അങ്ങനെയുള്ളവർ സ്വർഗ്ഗം സ്വന്തമാക്കും. അല്ലാത്തവർ നരകവും. ആത്മപരിശോധന ചെയ്യാൻ ഇതിനേക്കാൾ നല്ല സമയം ഇല്ലാ! ചുരുക്കത്തിൽ, ഈലോകജീവിതം വിവേകത്തോടെ ജീവിച്ച് തീർക്കുന്നവർ ദൈവരാജ്യം സ്വന്തമാക്കും എന്നുള്ള തിരിച്ചറിവ് തന്നെയാണ് വചനഭാഗം സമ്മാനിക്കുന്നത്.

ചിന്തനീയമായ ഏറ്റവും മനോഹരമായ ചെറുകഥകളിലൊന്ന്. രാജകൊട്ടാരത്തിൽനിന്നും കൂട്ട നിലവിളി ഉയർന്നു. ഇന്നു രാജാവിന്റെ അവസാനത്തെ ദിവസമാണ്. നാളെ നേരം പുലരുമ്പോൾ, പ്രത്യേകമായി തയ്യാർ ചെയ്ത തോണിയിൽ രാജാവിനെ കയറ്റി ദൂരെയുള്ള ആ ദ്വീപിൽ കൊണ്ടുചെന്ന് ഇറക്കിവിടും. വന്യമൃഗങ്ങൾ സ്വര്യവിഹാരം ചെയ്യുന്ന ആ കൊടും കാട്ടിൽ ചെന്നവർ ആരും ഇതുവരെ തിരുച്ചുവന്നിട്ടില്ല.

വിചിത്രമായ ആചാരം ആയിരുന്നു ആ രാജ്യത്ത് നിലനിന്നിരുന്നത്. ഓരോ വർഷവും ആ വർഷത്തേക്കുള്ള രാജാവിനെ തിരഞ്ഞെടുക്കും. എല്ലാ സുഖസൗകര്യങ്ങളോടും അധികാരത്തോടും കൂടി ഒരു വർഷം കൊട്ടാരത്തിൽ വാഴും! ഒരോ മാസവും ഒരു വൻതുക പ്രതിഫലമായി ലഭിക്കുകയും ചെയ്യും.

തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപെടേണ്ടിയിരിക്കുന്നു.... മനുഷ്യപുത്രൻ ഉയർത്തപെടേണ്ടത് മരകുരിശിലാണ്! ചുരുക്കത്തിൽ, ഞാൻ സഹിച്ചാലും നീ സന്തോഷിക്കണമെന്ന് സാരം!

സുഖലോലുപന്മാരായ രാജാക്കന്മാർ നാളെയെക്കുറിച്ച് വിചാരം ഇല്ലാതെ അധികാരം ലഭിച്ചു കഴിയുമ്പോൾ എല്ലാം മറന്ന് രാജ്യം ഭരിക്കും. പക്ഷെ, ഒരു വർഷം തികയുന്ന ദിവസം രാജാവിനെ പടയാളികൾ ചേർന്ന്, പ്രത്യേകമായി തയ്യാർ ചെയ്ത തോണിയിൽ കയറ്റി, ദൂരെയുള്ള ഏകാന്ത ദ്വീപിൽ കൊണ്ടു ചെന്നു ഇറക്കി വിടും! രാജാവ് പത്ത് അടി വയ്ക്കുന്നതിനു മുൻപേ, മൃഗങ്ങൾക്ക് ഇരയാകും. പടയാളി!കൾ തിരിച്ചു വരുമ്പോഴേക്കും പുതിയ രാജാവ് രാജ്യഭാരം ഏറ്റെടുക്കനുള്ള ആഘോഷങ്ങൾ പൂർത്തിയായിട്ട് ഉണ്ടായിരിക്കും.

ഈ വർഷത്തെ രാജാവിന്റെ ഊഴം ഇന്നു തീരുകയാണ്. പക്ഷേ, ഇത്തവണ പതിനു വിപരീതമായി, പുതിയതായി രാജ്യം ഭാരം ഏൽക്കുവാൻ ആരും തയ്യാറായി മുമ്പോട്ടു വന്നിട്ടില്ല. വിളമ്പരം ചെയ്തിട്ട് പല ദിവസങ്ങളായി. അവസാനം ഒരു സാധുവായ മനുഷ്യൻ സമ്മതം അറിയിച്ചു. കൊട്ടാരത്തിൽ സന്തോഷം അലതല്ലി. കിരീടധാരണത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. പതിവു പോലെ, മുൻരാജാവിനെ കയറ്റിയ തോണി കണ്ണീരോടെ കൊട്ടാരം വിട്ടു. അന്തപ്പുരത്തിൽ നിന്നും അലമുറ ഉയർന്നു. അങ്ങനെ പുതിയ രാജാവ് ഭരണം ആരഭിച്ചു. പക്ഷേ, വളരെ കരുതലോടെയാണ് രാജാവ് ഭരണം നടത്തിയത്. ആദ്യ മാസം തന്നെ, രാജ്യത്തെ ഏറ്റവും നല്ല വേട്ടക്കാരെ വരുത്തി. ഒരുകൂട്ടം ആയുധ ധാരികളായ പടയാളികളും കൂടെ അവരെ, ആ ഏകാന്ത ദ്വീപിലേക്ക് അയച്ചു. ഒരാഴ്ചക്കുള്ളിൽ മുഴുവൻ മൃഗങ്ങളെയും കൊന്നു കളയുവാൻ ഒരു കൽപ്പനയും പുറപ്പെടുവിച്ചു.

അടുത്തമാസം രാജ്യത്തെ ഏറ്റവും നല്ല മരംവെട്ടുക്കാരെ ആ ദ്വീപിലേക്ക് അയച്ചു. വനം മുഴുവൻ വെട്ടിക്കളഞ്ഞ് അവർ തിരിച്ച് എത്തി. അടുത്തമാസം, രാജ്യത്തെ, ഏറ്റവും നല്ല ശില്പികളെ വരുത്തി. ആ ഏകന്ത ദ്വീപിൽ മനേ ാഹരമായ ഒരു കൊട്ടാരവും, അനേക രമ്യഹർമ്മ്യങ്ങളും, രാജ വീഥികളും പ ണിയുവാൻ കൽപ്പിച്ചു. പിന്നിട്, പൂന്തോട്ടം നിർമ്മിക്കുന്ന പ്രതി ഭാധനന്മാരുടെ ഊഴമായിരുന്നു. അഞ്ചു മാസം കഴിഞ്ഞപ്പോഴേക്കും ആ ഭീതിജനകമായിരുന്ന ഏകാന്ത ദ്വീപ് ഒരു മനോഹര ഉദ്യാനം ആയിത്തീർന്നു. ആ രാജ്യത്തെ ഏറ്റവും നല്ല ഒരു കൂട്ടം ആളുകളെ രാജാവ് ഇതിനകം തിരഞ്ഞെടുത്തിരുന്നു. അവരെ സൗകര്യങ്ങളോടും കൂടി ആ ദ്വീപിൽ കൊണ്ടു ചെന്നു അവർക്ക് അവിടുത്തെ പൗരത്വവും കൊടുത്തു. തുടർന്നുള്ള മാസങ്ങളിലെ രാജാവിന്റെ പ്രതിഫലം മുഴുവൻ ആ ദേശത്ത് നിക്ഷേപിച്ചു.

എട്ടു മാസങ്ങൾ കഴിഞ്ഞപ്പോഴേക്കും, ആ ബുദ്ധിമാനായ രാജാവു പറഞ്ഞു, “ഞാൻ എന്റെ രാജ്യ ഭാരം ഒഴിയുവാൻ ഇപ്പോഴേ തയ്യാർ ആണ്, എന്നെ നിങ്ങൾ ആ ദ്വീപിൽ കൊണ്ടുപോയി ആക്കുന്നതിൽ സന്തോഷമേയുള്ളൂ.”

പക്ഷേ, ജനങ്ങളുടെ നിർബന്ധം മൂലം രാജാവു ഒരു വർഷം തികച്ചു. രാജാവിനെ കൊുപോകുവാനുള്ള തോണി ഒരുങ്ങി. അന്നു വരെയും, എല്ല രാജക്കന്മാരും നിലവിളിച്ചു കൊണ്ടുമാത്രമേ തോണിയിലേക്കു കയറിയിട്ടുള്ളൂ, എന്നാൽ, ഇത് ആദ്യമായി, പുഞ്ച്ചിരിയോടെ രാജാവ് ആ വഞ്ചിയിൽ കയറി. രാജാവിന്റെ മനസ്സുനിറയെ ആ അക്കരത്തെ ദേശമായിരുന്നു. അവിടുത്തെ മനോഹര ദൃശ്യം കാണുവാൻ കണ്ണുകൾ വിടർന്നു. അവിടുത്തെ ശ്രേഷ്ഠന്മാരുമായി ഒരുമിച്ചു ജീവിക്കാൻ ഉള്ളം കൊതിച്ചു....

ചിന്തനീയമായ കഥാസാരം. സ്നേഹിതാ, ഒരു ദിവസം നിന്നെയും ഒരു കറുത്ത പെട്ടിയിലാക്കി, ബന്ധുക്കൾ ചുവന്നു കോണ്ടുപോകും. അന്നു വീട്ടിൽ നിന്നു നിലവിളി ഉയരും. വിശാലമായ ഈ ലോകത്തു നിന്നും ഇടുങ്ങിയ കുഴിയിൽ ഇറക്കി വച്ചിട്ട് അവരെല്ലാം തിരിച്ചുപോകും. പിന്നെ, ഏഴ്... നൽപ്പ

ത്തിയൊന്ന്... ആണ്ട്.... എന്നൊക്കെ പറഞ്ഞ് തീറ്റയും കുടിയുമായിരിക്കും.

ആ നിമിഷമായിരിക്കും വി.മത്തായിയുടെ സുവിശേഷം 6-ാം അദ്ധ്യായം 20-ാം വാക്യത്തിൽ കർത്താവ് ഓർമ്മപ്പെടുത്തിയിരുന്ന ചോദ്യം ചോദിക്കുന്നത്. പുഴുവും തുരുമ്പും നശിപ്പിക്കാത്തതും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നീ നിക്ഷേപം സ്വരൂപിച്ചിട്ടുണ്ടോ? പ്രകാശം ലോകത്തിലേക്കു വന്നിട്ടും നീ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചോ? അങ്ങനെയാണെങ്കിൽ, നിന്റെ പ്രവൃത്തികൾ തിൻമ നിറഞ്ഞതായിരിക്കും. തിൻമ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവൻെറ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ ഒരിക്കലും വെളിച്ചത്തിലേയ്ക്കു വരുന്നുമില്ല. സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ, അവൻെറ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുകയും ചെയ്യുന്നു.

വിവേകികളാകാനുള്ള ഏറ്റവും നല്ല സമയം ഈ നിമിഷം തന്നെയാണ്. മരമണ്ടനായി സ്വർഗ്ഗത്തെ നമ്മിൽ നിന്ന് അകറ്റാതിരിക്കാം. ചുരുക്കത്തിൽ, അനുദിനം ആത്മപരിശോദ്ധന നടത്തേണ്ട ചോദ്യം, "അക്കരെ ദേശത്തെക്കുറിച്ച് എനിക്ക് പ്രത്യാശ ഉണ്ടോ? അവിടെ എനിക്ക് നിക്ഷേപങ്ങൾ സ്വരുക്കൂട്ടാൻ സാധിച്ചിട്ടുണ്ടോ? അതോ, സുഖലോലുപന്മാരായ ആ രാജാക്കന്മാരെപ്പോലെ, ബുദ്ധിഹീനമായി നാളുകൾ കഴിക്കുകയാണോ?"

വചനം ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു, ദൈവത്തിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടിയാണ് ദൈവം തൻെറ ഏകജാതനെ ഈ ഭൂമിക്ക് സമ്മാനമായി നൽകിയത്. കാരണം, ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. പിതാവായ ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്. കാരണം, അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. എന്നിട്ടും, വിവേകശ്യൂന്യരെപ്പോലെ ദൈവത്തിൽ വിശ്വസിക്കാതെ സുഖലോലുപന്മാരായി ബുദ്ധിഹീനമായി ജീവിതത്തെ മുന്നോട്ട് നയിച്ചാൽ നിത്യനരകാഗ്നിയായിരിക്കും നമ്മളെ കാത്തിരിക്കുന്നത്!

കർത്താവ് പറയുന്നു; "മാംസത്തിൽനിന്നു ജനിക്കുന്നതു മാംസമാണ്; ആത്മാവിൽനിന്നു ജനിക്കുന്നത് ആത്മാവും." ചുരുക്കത്തിൽ, ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം എന്ന്!

"പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു.
എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല.
ദൈവകോപം അവൻെറ മേൽ ഉണ്ട്."

യോഹ 3,36

ഫാ. ജോബി മേനോത്ത്
+91 944 7777 931